## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** — **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 4171**

### പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ), (ബി) & (സി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, HLL ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നിതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ച വന്നതിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങൾ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് നിരവധി കത്തുകളിലൂടെ മുഖ്യമന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും കേന്ദ്രസർക്കാരിനോട് കേരളം അഭ്യർത്ഥിച്ചിട്ടുള്ളതാണ്.<br><br>ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ)നെ സ്വകാര്യവൽക്കരിക്കുന്ന നടപടികളിൽ നിന്ന് പിന്മാറണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്ക്കരണത്തിലൂടെ മുന്നോട്ട് പോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് കേരള നിയമസഭ 2017 മാർച്ച് 13 |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിന് എതിരെ ചർച്ച ചെയ്യുവാനും പരിഹാരമാർഗ്ഗങ്ങൾ തേടുവാനും രാഷ്ട്രീയ പാർട്ടികളുടെ സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ ഏതെങ്കിലും വിധത്തിലുള്ള ചർച്ചകളോ കത്തിടപാടുകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

ന് ഐകകണ്ഠേന പാസ്സാക്കിയ പ്രമേയം വഴി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

നിലവിൽ എച്ച്എൻ.എൽ-ൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ എടുത്ത് ഒഫിഷ്യൽ ലിക്വിഡേറ്ററേ നിയമിച്ചിട്ടുണ്ട്. സർക്കാർ എച്ച്എൻ.എൽ ഏറ്റെടുക്കാൻ താല്പര്യം കാണിച്ച് ഒഫിഷ്യൽ ലിക്വിഡേറ്ററിന് കത്തയച്ചിട്ടുണ്ട്.

കാസർഗോഡുള്ള ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിൽ ഭെല്ലിന്റെ കൈവശമുള്ള 51% ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനുള്ള കരട് 'Agreement for Sale', 07.09.2019 തീയതിയിലെ G.O.(Ms)No.78/2019/ID പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡിൻെറ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിൻെറ ഭാഗമായി ഇതിൻെറ ആസ്തിവില തീരുമാനിക്കുന്നതിനും സ്ഥാപനം ഏറ്റെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതല സമിതിയുടെ ശിപാർശയനുസരിച്ച് ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനുള്ള സർക്കാർ ഉത്തരവ് G.O(Ms)No.52/2018/ID തീയതി, 20/7/2018 പുറപ്പെടുവിക്കുകയും ചെയ്തു.

തുടർന്ന് 16/11/2018 ൽ കേന്ദ്ര - സംസ്ഥാന സെക്രട്ടറിമാർ തമ്മിൽ നടത്തിയ ചർച്ചയുടെ ഫലമായി തയ്യാറാക്കിയ കരട് ധാരണപത്രം കേന്ദ്ര സർക്കാരിൻെറ അന്തിമ അംഗീകാരത്തിനായി നൽകിയിരുന്നുവെങ്കിലും കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിൻെറ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിൻെറ ആവശ്യമാണ് ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിരിക്കുന്നത്.

| | | | |
|---|---|---|---|
| | | | നീതി ആയോഗിൻെറ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിലെ കേന്ദ്ര സർക്കാരിൻെറ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്രസർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള കാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട് എന്നാണ് ലഭ്യമായ വിവരം. |

**സെക്ഷൻ ഓഫീസർ**